










# NEWS LETTER

ICAR

CARD WEB OF LIFE

January-June 2024

Vol. 22 | No.1


## സുവർണ്ണ ജൂബിലി ആഘോഷ നിറവിൽ കെവികെ



**കാർ**ഷിക മേഖലയുടെ പുരോഗമനത്തിനായി സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവെച്ചുകൊണ്ട് മുന്നേറുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ നേതൃത്വത്തിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് 2024 മെയ് മാസത്തിൽ തുടക്കം കുറിച്ചു. ആദ്യത്തെ കൃഷി വിജ്ഞാന കേന്ദ്രം 1974 ൽ പുതുച്ചേരിയിലാണ് ആരംഭിച്ചത്. നിലവിൽ രാജ്യത്തിലുടനീളം 731 ഓളം കെവികെകൾ ജില്ലാതലത്തിൽ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ് കെവികെയിൽ വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുന്നത്. കാർഷിക സർവകലാശാലകൾ, ഐസിഎആർ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ എന്നിവയുടെ അധീനതയിലാണ് അതത് പ്രദേശങ്ങളിൽ കെവികെ കൾ പ്രവർത്തിക്കുന്നത്. കാർഷിക മേഖലയിലെ ഗവേഷണ സ്ഥാപനങ്ങളുടെ ഒരു അവിഭാജ്യ ഘടകം തന്നെയാണ് കെവികെകൾ. ഗവേഷണ സ്ഥാപനങ്ങളിൽ ഉരുത്തിരിയുന്ന നൂതന ആശയങ്ങളും സാങ്കേതികവിദ്യകളും കർഷകരിലേക്ക് എത്തിക്കുന്നതിൽ കെവികെ കൾ വലിയ പങ്കുവഹിക്കുന്നു. ഓരോ പ്രദേശത്തിനും വിളകൾക്കും അനുയോജ്യമായ സാങ്കേതികവിദ്യകൾ കൃഷിയിട പരീക്ഷണങ്ങളിലൂടെയും മുൻനിര പ്രദർശനങ്ങളിലൂടെയും അപഗ്രഥിച്ച് ആവശ്യമായ മാറ്റങ്ങളോടുകൂടി കർഷകർക്ക് പരിശീലനങ്ങളിലൂടെയും മറ്റും പരിചയപ്പെടുത്തി കൊടുക്കുകയാണ് കെവികെകൾ ചെയ്യുന്നത്. ജില്ലയിലെ കാർഷിക മേഖലയുടെ സാമ്പത്തികമായ പുരോഗതിക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും ശാസ്ത്രീയമായ ഇടപെടലുകളും നൽകിക്കൊണ്ട് കർഷകർക്ക് ഒരു കൈത്താങ്ങായി കെവികെകൾ പ്രവർത്തിക്കുന്നു. സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ നിറവിൽ ജില്ലയിലെ കൃഷി അനുബന്ധ വകുപ്പുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും കർഷകരുടെയും സഹകരണത്തോടെ കാർഷിക മേഖലയുടെ ഉന്നമനത്തിനായുള്ള പ്രയാണത്തിൽ പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിലെ വിദഗ്ധസംഘം സുസജ്ജമാണ്.

**ഡോ. സി.പി.റോബർട്ട്**
സീനിയർ സയന്റിസ്റ്റ് & ഹെഡ്

## സുവർണ്ണ സമൃദ്ധി 2024

KVKs 1974-2024 कृषि विज्ञान केन्द्र Krishi Vigyan Kendra Serving Farmers



കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ സുവർണ്ണ ജൂബിലി ദീപശിഖക്ക് വരവേൽപ്പ് നൽകി. ഭാരതത്തിൽ കെവികെ കൾ ആരംഭിച്ചിട്ട് 50 വർഷം പിന്നിടുന്നതിന്റെ ഭാഗമായി നടത്തപ്പെടുന്ന ദീപശിഖാ പ്രയാണത്തിന് കെവികെയിൽ വരവേൽപ്പ് നൽകി. കൊല്ലം കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നുള്ള ദീപശിഖ സ്വീകരണത്തോടനുബന്ധിച്ച് നടന്ന സുവർണ്ണ സമൃദ്ധി 2024 ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ ATARI ഡയറക്ടർ ഡോ. ബി. വെങ്കിടസുബ്രഹ്മണ്യൻ ഉദ്ഘാടനം ചെയ്തു. കാർഡ് ഡയറക്ടർ റവ. മോൻസി വർഗീസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ എഴുമറ്റൂർ പഞ്ചായത്ത് പ്രസിഡണ്ട് ജിജി പി.ഏബ്രഹാം കർഷകർക്കായുള്ള ഫെല്ലോ ഫാർമർ പുരസ്കാരം നൽകി. കൃഷി വിജ്ഞാന കേന്ദ്രം മേധാവിമാരായ ഡോ. സി.പി. റോബർട്ട്, ഡോ. ബിനി സാം, ഡോ. മേരി റെജീന, ഡോ.ജി ജയലക്ഷ്മി, ആത്മ പ്രോജക്ട് ഡയറക്ടർ ഇൻ ചാർജ് സുസ്മിത സുധി എന്നിവർ സംസാരിച്ചു.

## പത്തനംതിട്ട ജില്ലയിലൂടെ വികസിത ഭാരത സങ്കല്പ യാത്ര

കേന്ദ്ര ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ പ്രയോജനം ജനങ്ങളിലേക്ക് കൃത്യമായി എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രധാനമന്ത്രി തുടക്കം കുറിച്ച പദ്ധതിയാണ് വികസിത ഭാരത സങ്കല്പയാത്ര. ജില്ലയിലെ VBSY പരിപാടി 2023 നവംബർ 27ന് ആരംഭിച്ചു. കൃഷി വിജ്ഞാന കേന്ദ്രം, ദേശസാൽകൃത ബാങ്കുകൾ, കർഷക ഉത്പാദക സംഘടനകൾ, തപാൽ വകുപ്പ്, ഇൻഷുറൻസ് കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രാതിനിധ്യത്തോടെ ജില്ലയിലെ 53 പഞ്ചായത്തുകളും 4 മുൻസിപ്പാലിറ്റികളും ഉൾപ്പെടുന്ന രീതിയിൽ 61 പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കൃഷി അനുബന്ധ മേഖലയിൽ കർഷകർക്ക് പ്രയോജനപ്രദമായ വിവിധ പദ്ധതികളെക്കുറിച്ച് കൂടുതൽ അവബോധം നൽകാൻ പ്രസ്തുത പരിപാടി സഹായകമായി.







ICAR-Krishi Vigyan Kendra, CARD, Kolabhagom P.O., Thadiyoor, Thiruvalla, Kerala - 689 545
Tel : 0469-2662094, 2661821, E-mail : kvk.Pathanamthitta@icar.gov.in, Website : www.kvkcard.org.

Krishi Vigyan Kendra organized a total of 25 trainings including skill development, vocational and extension personnel training programmes. During the period a total number of 853 participants including 384 female benefitted from the training programme.

## നൂറുമേനി വിളവെടുപ്പുമായി പുന്നോൻ പാടശേഖരത്തിൽ കൊയ്ത്തുൽസവം നടത്തി




കെവികെയുടെയും കൃഷി വകുപ്പിന്റെയും ആത്മയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നാരങ്ങാനം ഗ്രാമ പഞ്ചായത്തിലെ പുന്നോൻ പാടശേഖരത്തിൽ വച്ച് നെല്ലിന്റെ കൊയ്ത്തുത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഓമല്ലൂർ ശങ്കരൻ ഉദ്ഘാടനം ചെയ്തു. കെ വി കെ യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഫാം ഫീൽഡ് സ്കൂളിനോട് അനുബന്ധിച്ച് നടത്തിയ നെൽകൃഷിയിലാണ് നൂറുമേനി വിളവുണ്ടായത്. പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയമായ വിത്തു പരിചരണം മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം നെല്ലിൽ സമ്പൂർണ എന്ന സൂക്ഷ്മ മൂലകം ഉപയോഗം മുട്ട കാർഡുകൾ ഉപയോഗിച്ചുകൊണ്ടുള്ള കീട നിയന്ത്രണം മാർഗ്ഗങ്ങൾ ശാസ്ത്രീയമായ കള നിയന്ത്രണ മാർഗങ്ങൾ 10 ദിവസത്തെ ഇടവേളകളിൽ ഉള്ള കീടരോഗ നിരീക്ഷണം തുടങ്ങിയവ നടപ്പിലാക്കി. കൃഷി വിജ്ഞാനകേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുമാരായ ഡോ.വിനോദ് മാത്യു, ഡോ.അലക്സ് ജോൺ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## ജില്ലയിലെ കർഷകർക്കിടയിൽ ഡ്രോൺ സാങ്കേതികവിദ്യയിൽ അവബോധം നൽകിക്കൊണ്ട് കെ വി കെ



ചുരുങ്ങിയ സമയത്തിൽ കൂടുതൽ കൃഷിയിടത്തിൽ മരുന്നോ, വളമോ തളിച്ചു കൊണ്ട് കൂലി ചിലവ് കുറയ്ക്കാൻ ഉപകാരപ്രദമായ ഡ്രോൺ സാങ്കേതികവിദ്യ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതിക്ക് ജില്ലയിൽ തുടക്കം കുറിച്ചു. കൃഷി വകുപ്പിന്റെയും ആത്മയുടെയും സഹകരണത്തോടെ കെവികെ യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം ആത്മ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ എൽ.സുസ്മിത സുധി ഉദ്ഘാടനം ചെയ്തു. ജില്ലയിലെ എട്ട് ബ്ലോക്കുകളിൽ നിന്നായി കൃഷിക്ക് പ്രാമുഖ്യമുള്ള തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലായി 250 ഓളം ഡ്രോണിന്റെ മാതൃക പ്രദർശനങ്ങൾ നടത്താനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## ZONAL WOMEN AGRIPRENEUR CONCLAVE 2024




KVK exhibited Technologies in the Zonal Women Agripreneur Conclave 2024 jointly organised by ICAR-ATARI, Zone XI and Kerala Agricultural University at Central Auditorium, KAU from 20 to 21 Jan 2024. The main objective was to promote Women Agripreneurship. On the occasion Dr. C.P Robert, Senior Scientist and Head, KVK, delivered talk on KVK 'Kisan kart'. 10 women Agripreneurs of Pathanamthitta showcased their agro products in the exhibition.

## REPLICABLE MODEL OF SOLAR FENCING TO PREVENT WILD BOAR MENACE




Dr. V. Venkatasubramanian, Director, ICAR ATARI, Bengaluru inaugurated demonstration of Solar fencing at KVK farm on 24th February. The model covers total length of 500 m and protects an area of 5 acre of KVKs instructional farm. In Pathanamthitta district huge crop damage occurs due to the wild animal especially wild boar. Defence mechanism like iron fencing, making trenches, castor oil based Ecodon- jute thread fencing, BoRep fencing etc. are found infeasible in long run and non-economical.

## ജില്ലയിലെ കർഷകരെ സെല്ലോ ഫാർമർ അവാർഡ് നൽകി ആദരിച്ചു




ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക, ഉൽപാദനച്ചെലവ് കുറയ്ക്കുക, മെച്ചപ്പെട്ട വിപണി സൗകര്യം ഒരുക്കുക എന്നിവയിലൂടെ 2022 ഓടുകൂടി കർഷകരുടെ വരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖേന വൈവിധ്യമാർന്ന പദ്ധതികൾ കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. നൂതനമായ കാർഷിക രീതികൾ അവലംബിക്കുക, വിഭവ വിനിയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുക, വിപണി സൗകര്യം ഉറപ്പാക്കുക എന്നിങ്ങനെ നിരവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. കാർഷിക അനുബന്ധമേഖലകളിൽ കെവികെയുടെ നേതൃത്വത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽ നടപ്പിലാക്കിയ മുൻനിരപ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണങ്ങൾ, വിവിധ വിഷയങ്ങളിൽ ഉള്ള പരിശീലനങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവയിൽ ഭാഗമായി ജീവിത നിലവാരം മെച്ചപ്പെട്ട 110 കർഷകരെ സെല്ലോ ഫാർമർ അവാർഡ് നൽകി ആദരിക്കുകയുണ്ടായി.

## INPUT DISTRIBUTION TO SCSP PROJECT STAKEHOLDERS




Handing over brush cutter to SCSP Project stakeholders by Dr. M. J. Chandragowda, Principle Scientist, ICAR-ATARI,Bengaluru

# TECHNOLOGY ASSESSMENT

### Assessment of foam mat drying technology for fruit pulps



To address the lack of low-cost value addition technologies suitable for the farming community, an on-farm trial was conducted to assess foam mat drying technology (ICAR-CPCRI) for fruit pulps compared to sun drying and solar/air oven drying (CIPHET, Ludhiana). The technology extended the shelf life, texture, and color of the products. It is a simple process, easy to adopt, and small-scale processors showed increased interest in using natural food additives derived from plants and other natural sources.

## INTODUCTION OF TRACTOR MOUNTED BED FORMER IN VEGETABLE CULTIVATION



KVK attempts to maximise profitability in vegetable cultivation with the introduction of a tractor-mounted bed former for raised bed formation in the custom hiring centre of KVK. The technology was introduced in the1.5 acre land of Ms. Prabha Satheesh , Kaviyoor Panchayat. The programme was inaugurated by Dr. C.P Robert, Senior Scientist .The tractor-mounted bed former can creates beds of 60-120 cm width and 15-30 cm height. This technology simplifies the process of raised bed formation which is the major labour intensive process in high tech vegetable production. The use of this machine results in a labor saving of 98.5 % and a cost saving of 70 %  in bed preparation compared to conventional practices. This significant advancement in agricultural technology can greatly enhance productivity and sustainability in the district's agriculture sector.

## പ്രകൃതികൃഷി പ്രചാരണ പരിപാടി




പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനും ഉതകുന്ന പ്രകൃതി കൃഷി ആശയങ്ങൾ ജില്ലയിലെ കർഷകരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് തലത്തിൽ ബോധവൽക്കരണ പരിപാടികളും ഉത്പാദന ഉപാധികളുടെ നിർമ്മാണ രീതിയിൽ പരിശീലനവും സംഘടിപ്പിച്ചു. കൃഷിവകുപ്പിന്റെയും ആത്മയുടെയും സഹകരണത്തോടെ ജില്ലയിലെ എല്ലാ ബ്ലോക്കുകളിലേയും കർഷകരെ ഉൾപ്പെടുത്തി കൊണ്ടാണ് പരിപാടി സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി പ്രകൃതികൃഷി ആശയങ്ങൾ, കൃഷി ചെയ്യേണ്ട രീതി, കീട രോഗപ്രതിരോധ മാർഗങ്ങൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച ക്ലാസും പ്രകൃതി കൃഷിയിൽ ഉപയോഗിക്കുന്ന ഉത്പാദന ഉപാധികളായ ജീവാമൃതം, ബീജാമൃതം, ഖനജീവാമൃതം തുടങ്ങിയവയുടെ നിർമ്മാണ രീതിയിൽ പ്രായോഗിക പരിശീലനവും നൽകി. വിവിധ ബ്ലോക്കുകളിലായി സംഘടിപ്പിച്ച പരിപാടികളിൽ 340 ഓളം കർഷകർ പങ്കെടുത്തു.

# TECHNOLOGY DEMONSTRATION

### Cassava variety "KAU Uthama" for flood prone riverine alluvium of upper Kuttanad area




To promote a suitable variety of cassava in the flood-prone areas of Upper Kuttanad, a FLD was conducted to introduce the "KAU Uthama". The demonstration showed that the KAU Uthama variety is highly suitable for the flood-prone riverine alluvium in the Upper Kuttanad area. Benefit-cost ratio of 2.62:1 compared to 2.19:1 for local varieties. The KAU Uthama variety demonstrated early maturity and exhibited excellent cooking quality and is susceptible to Cassava Mosaic Disease (CMD).

### Demonstration of Floating cages for poultry (Duck and layer birds) for flood affected areas



FLD on floating cages for poultry (ducks and layer birds) was conducted to promote this innovative concept in the flood-prone areas of the district. This technology aimed to provide a more effective and sustainable method for rearing poultry in areas frequently affected by flooding.The demonstration revealed a significant improvement in the benefit-cost ratio, achieving 1.2:1. This indicates that floating cages are not only cost-effective but also economically beneficial for farmers. Furthermore, the technology resulted in a 76% higher survival rate for poultry birds compared to other rearing methods in flood-prone areas, demonstrating its effectiveness in ensuring the well-being and productivity of the birds.

### Rearing using formulated feed for Varal (Channa Striata) (40% feed protein and 12%fat )




FLD was conducted to promote the use of specially formulated feed for Varal (Channa Striata) in order to tackle common issues such as slow growth, cannibalism, and low nutrient content associated with traditional farm-made feeds. The use of this high-protein formulated feed led to significantly improved growth rates and overall health of the fish, reducing instances of cannibalism and ensuring more consistent and robust development. The FLD showed that using the formulated feed in a 1-hectare pond area resulted in net returns of Rs. 18,81,600. This is more than double the net returns of Rs. 8,47,050 obtained when using other feeds.

# IMPORTANT DAY CELEBRATIONS

## പരിസ്ഥിതി വിഷയങ്ങൾ ചർച്ചയാക്കി പരിസ്ഥിതി ദിനം ആചരിച്ചു



ഭൂപുനഃസ്ഥാപനവും മരുവൽക്കരണം, വരൾച്ച എന്നിവയ്ക്കെതിരെയുള്ള പ്രതിരോധവും എന്ന പ്രമേയത്തെ ആസ്പദമാക്കി കെവികെ പരിസ്ഥിതിദിനം ആചരിച്ചു. കാർഡ് ഡയറക്ടർ റവ.മോൻസി വർഗീസ് അധ്യക്ഷത വഹിച്ച പരിപാടി കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. വത്സല ഉദ്ഘാടനം ചെയ്തു. കർഷകർക്കായുള്ള 1000 വൃക്ഷത്തൈകളുടെ വിതരണ ഉദ്ഘാടനം എംസിആർഡി ഡയറക്ടർ റവ. സുനിൽ മാത്യു നിർവഹിച്ചു. പരിപാടിയോടനുബന്ധിച്ച് ഇഞ്ചി കൃഷി പ്രോത്സാഹനത്തിന് തിരഞ്ഞെടുപ്പ് കർഷകർക്ക് 3250 രോഗവിമുക്ത വിത്തിഞ്ചി തൈകൾ വിതരണം ചെയ്തു. കാലാവസ്ഥാ വ്യതിയാനത്തിന് അനുസൃതമായി കാർഷിക വിളകളുടെയും കന്നുകാലികളുടെയും പരിപാലനം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറിന് സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റുമാരായ ഡോ.വിനോദ് മാത്യു, ഡോ.സെൻസി മാത്യു എന്നിവർ നേതൃത്വം നൽകി.

## ലോക ക്ഷീര ദിനാചരണം




കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസൃതമായി കന്നുകാലികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും ഗുണനിലവാരമുള്ള പാലുൽപാദിപ്പിക്കുന്നതിനും കെവികെ യുടെ ആഭിമുഖ്യത്തിൽ ജില്ലാ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ലോക ക്ഷീരദിനത്തോടനുബന്ധിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. തെള്ളിയൂർ പാൽ സൊസൈറ്റിയിൽ വച്ച് സംഘടിപ്പിച്ച ചടങ്ങിൽ തീര കർഷകരും ഈ മേഖലയിലെ വിദഗ്ധരും പങ്കെടുത്തു. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ പര്യാപ്തമായ നൂതനവും സുസ്ഥിരവുമായ സാങ്കേതിക വിദ്യകളെകുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തി.

## 23–ാമത് ശാസ്ത്രോപദേശക സമിതി യോഗം നടത്തി



കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസൃതമായി കൃഷി രീതികൾ പുനക്രമീകരിക്കേണ്ടതുണ്ടെന്നു ശാസ്ത്രോപദേശകസമിതി യോഗത്തിൽ നിർദ്ദേശിച്ചു. കർഷക സൗഹൃദ സാങ്കേതികവിദ്യകൾ അവലംബിച്ച് കൃഷിയിൽ സ്വയംപര്യാപ്തത സാധ്യമാക്കണമെന്ന് 23-ാമത് ശാസ്ത്രോപദേശകസമിതിയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് അഭിവന്ദ്യ ഡോ.യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത സ്ഥാപിച്ചു. കർഷകരുടെ വ്യത്യസ്തമായ പ്രശ്നങ്ങൾ മനസ്സിലാക്കി ആവശ്യമായ സാങ്കേതികവിദ്യകൾ തയ്യാറാക്കി ഫീൽഡ് തലത്തിൽ നടപ്പിലാക്കി വരുന്നതായി ATARI പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എം. ജെ. ചന്ദ്രഗൗഡ മുഖ്യപ്രഭാഷണത്തിൽ പ്രസ്താവിച്ചു. ഇകാർ അംഗീകാരം നൽകിയ വിജ്ഞാന കേന്ദ്രത്തിന്റെ മുൻനിരപ്രദർശനങ്ങളും കർഷക പങ്കാളിത്ത പരീക്ഷണങ്ങളും കെവികെ മേധാവി ഡോ.സി.പി. റോബർട്ട് അവതരിപ്പിച്ചു. കേരള കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ പ്രതിനിധിയായി കോട്ടയം കെവികെ മേധാവി ഡോ. ജി ജയലക്ഷ്മി പങ്കെടുത്തു. കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെയും കൃഷി അനുബന്ധ മേഖലയിലും ഉന്നത തല ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കുചേർന്നു.

# ACHIEVEMENTS



**Dr. Alex John**, Subject Matter Specialist (Plant Protection) was awarded Ph.D in Environmental Science from Mahathma Gandhi University.

**Topic :** Development of Native bacterial antagonist for the management of Pythium Rhizhome Rot in ginger.

# FARMER'S COLUMN

## താമരയിൽ പുതിയ ഇനങ്ങൾ ഒരുക്കി അജിതയുടെ ജയം



കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ ലോക്ഡൗണിൽ വീടിന്റെ മട്ടുപ്പാവിൽ താമരതോട്ടങ്ങൾ ഉണ്ടാക്കുകയും ഇന്ന് താമരയുടെ നൂറോളം ഇനങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്ന വനിതാ കർഷകയാണ് തുകലശ്ശേരി ആലഞ്ചേരിയിൽ ശ്രീമതി അജിത പ്രദീപ്. കേരളത്തിൽ അപൂർവമായി വിരിയുന്ന താമരകളിൽ ഒന്നായ സഹസ്രദളപത്മം വീടിന്റെ മട്ടുപ്പാവിൽ വിരിയിച്ച ശ്രീമതി അജിത, പ്രാരംഭഘട്ടത്തിൽ ഓൺലൈനിലൂടെയാണ് താമരയെക്കുറിച്ച് വിശദമായി പഠിച്ചത്. തുടക്കത്തിൽ ഏറെ ബുദ്ധിമുട്ടുകൾ നേരിട്ടെങ്കിലും ഒടുവിൽ ലക്ഷ്യത്തിലെത്താൻ സാധിച്ചതായി അജിത ആത്മവിശ്വാസത്തോടെ പറയുന്നു. സ്വന്തമായി 25ഓളം പുതിയ ഇനങ്ങളായ മയൂരി, പഞ്ചമി, പൗർണമി, കിരണ്യ തുടങ്ങിയ താമരകളും പനിനീർ റോസകളും സൃഷ്ടിച്ചെടുത്തിട്ടുണ്ട്. പത്തനംതിട്ട ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക പിന്തുണയോടെ വീട്ടുമുറ്റത്തും മട്ടുപ്പാവിനും അലങ്കാര സസ്യങ്ങളും വൈവിധ്യമാർന്ന താമരകളും സംരക്ഷിക്കുകയും പ്രചരിക്കുകയും ചെയ്യുന്ന അജിതയ്ക്ക് ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ ATARI യുടെ ആഭിമുഖ്യത്തിൽ പിപിവിഎഫ് ആർ അതോറിറ്റി പുരസ്കാരം നൽകി ആദരിച്ചു. ഏറെ കരുതലും പരിചരണവും ആവശ്യമായ താമര ഇനങ്ങൾക്കും മറ്റു അലങ്കാര സസ്യചെടികൾക്കും ആവശ്യക്കാർ ഏറെയാണ്. ഓൺലൈൻ വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അജിതയും അലങ്കാര ചെടികളുടെ നടീൽവസ്തുക്കൾ ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്. തന്റെ ഇഷ്ടവിനോദത്തിൽ നിന്നും വരുമാനമാർഗ്ഗം കണ്ടെത്തുന്ന ഈ വനിതാ സംരംഭയ്ക്ക് പൂർണ്ണ പിന്തുണയോടുകൂടി ഭർത്താവ് പ്രദീപ് കുമാറും മകനും കൂടെയുണ്ട്.

# WORLD BEE DAY



# OUR DOCUMENTARIES

Printed @ J.J. Graphic, Plankamon, 7025773070

Printed and Published by : Dr. C.P. Robert, Senior Scientist & Head, Editors : Dr.Sindhu Sadanandan & Ms.Gayathri S.
Technical Inputs: Dr. Vinod Mathew, Dr. Shana Harshan, Dr. Alex John , Dr. Rincy K Abraham, Dr. Sency Mathew, Ms. Ambily Varughese, Mr. Binu John